ADY'S AGEN

# ആദ്യത്തെ പൂക്കൾ

വിദ്വാൻ: ടി. കെ. മത്തായി

1965

MADRAS UNIVERSITY
O.R.I. DEPARTMENTAL LIBRARY
MARINA CAMPUS

Call Number

Accession Number

Department

This book should be returned on or before the date last marked below.

...THAMMA EX...
ALWARPET, MADRA...

# ആദ്യത്തെ പൂക്കൾ

Adyathe Pookkal

UNIVERSITY LIBRARY
26 AUG 1982
MADRAS

RAJA PRESS, TRIPUNITHURA.

Vidwan:
**T. K. Mathai**

(Retired Language Teacher,
R. M. H S. & T. S. Vadavucode.)

MY LADY'S AGENCIES.
93, 2nd CROSS STREET,
SEETHAMMA EXTENSION,
ALWARPET, MADRAS-600 018.
S. INDIA.

1965

*Price 50 P.*

University Grants Commissi...

32D
343060

RAJA PRESS, TRIPUNITHURA.

# അവതാരിക

അറുപതാമത്തെ വയസ്സു കഴിഞ്ഞിട്ടുണ്ടായ 'ആദ്യത്തെപൂക്കളുടെ അവതാരികസ്ഥാനത്തിനു എനിക്കുണ്ടായ അവകാശമെന്തെന്നു ആദ്യമേ പറയട്ടെ. ശ്രീ. വിദ്വാൻ ടി. കെ. മത്തായി എന്റെ ഒരു ജ്യേഷ്ഠസഹോദരനാണ്; സഹപാഠിയാണ്; സഹപ്രവർത്തകനുമായിരുന്നു. ഞാനൊരു കോളേജുവിദ്യാർത്ഥിയായിരുന്ന കാലത്ത്, പ്രൈവററായി വിദ്വാൻപരീക്ഷയ്ക്കു ചേർന്നപ്പോൾ എന്നോടൊരുമിച്ചിരുന്നു എനിക്കു പഠിക്കാനും അദ്ദേഹത്തിനു സ്വയം പഠിക്കാനും വേണ്ടി ഞങ്ങൾ ആലുവാ കോളേജിന്റെ പരിസരങ്ങളിൽ എത്ര എത്ര രാത്രികളാണ് "യാമം പോയതറിഞ്ഞിടാതെ" സുഖമായ്ത്തന്നേ നയിച്ചതു! ഉണ്ണുനീലിസന്ദേശത്തിന്റെ കാലത്തേയും കർത്തൃത്വത്തേയും പററിയുള്ള ചിന്തകളും, ലീലാതിലകസൂത്രവ്യാഖ്യാനഭേദങ്ങളും മററും മററും കൊണ്ട് ആ രാത്രികൾ ഇന്നും ജീവിതത്തിൽ മായാത്ത മുദ്രപതിപ്പിച്ച് ഓർമ്മയിൽ കുളിർമ്മ ചേർക്കുന്നുണ്ട്—കാരണം, ഇന്നും എനിക്കു ഊണു തരുന്നതും ആ രാത്രികൾകൊണ്ടു നേടിയ മലയാളഭാഷാജ്ഞാനം മാത്രമാണ്. അങ്ങനെയുള്ള ഒരു മനോജ്ഞകാലത്തിന്റെ മാധുര്യം അനുസ്മരിപ്പിക്കുന്ന ഒരു ജ്യേഷ്ഠസഹോദരൻ അദ്ദേഹത്തിന്റെ ഈ വിശ്രാന്തവേളയിൽ എന്റെ മുന്നിൽ കൊണ്ടുവന്ന 'ആദ്യത്തെപ്പൂക്കളിൽ' എനിക്ക്, മറെറാന്നും കാണാൻ കഴിയില്ലെങ്കിലും ഒന്നു തികച്ചും അനുഭവിക്കാം— സ്നേഹവാത്സല്യങ്ങളുടെ സുരഭിലത; പാണ്ഡിത്യസമ്പാദനത്തിന്റെ വ്യഗ്രത; ഉത്തിഷ്ഠമാനതയുടെ ജാഗ്രത—അങ്ങനെ പലതും.

ഈ പൂക്കൾക്കു നറുമണമുണ്ട്. കടിഞ്ഞൂൽപ്പൂക്കളായതുകൊണ്ട് കടുത്ത മണമില്ല; ഒരിളം വാസന. തേനുണ്ട്; ഇളം തേൻ; അതിന്റേതായ മാധുര്യമുണ്ട്. ഒരപേക്ഷ, വായനക്കാരോട്. എന്റെ ഈ ജ്യേഷ്ഠന്റെ പൂക്കൾ നിങ്ങൾ മൃദുലമായി കൈയ്കാര്യം ചെയ്യണം. നിങ്ങളുടെ ശുഷ്കവ്യാകരണ പാണ്ഡിത്യ

ശരംകൊണ്ടു് അതിലെ ഒരിതൾപോലും കീറിമുറിക്കരുതു്. എനിക്കും എൻെറ ജ്യേഷ്ഠനും ഒരുപോലെ വേദനാജനകമാണതു്. ജ്യേഷ്ഠൻ ഒരു കവിയശഃപ്രാർത്ഥിയല്ല; ഒരു കവിയായി ഉയർന്നു് മലയാള ഭാഷയുടെ മറക്കാനാവാത്ത മനോജ്ഞ കാവ്യമണ്ഡലത്തിൽ തെളിഞ്ഞിരിക്കണമെന്നും അദ്ദേഹം അഭിലഷിക്കുന്നില്ല. ഒന്നേ അദ്ദേഹം ആശിക്കുന്നുള്ളൂ — ഈ നറുമണം കലർന്ന ഇളം പൂക്കൾ കൊണ്ടു, അദ്ദേഹം ആരെയാണോ ഇത്രയും നാൾ ആരാധിച്ചതു്, ആ കൈരളീദേവിയുടെ പാദങ്ങളിൽ അർപ്പിക്കാൻ ഒരു കൊച്ചു പൂമാല കോർക്കണം. ആ മാലയ്ക്കു് ഞാനൊരു ചെറിയ ചരടുണ്ടാകുന്നുവെന്നുമാത്രം.

പരസ്സഹസ്രം ശിഷ്യന്മാരുള്ള വിദ്വാൻ മത്തായി അവർകളുടെ ഈ മനോഹരകാവ്യം എത്തേണ്ടിടത്തെല്ലാം എത്തുമെന്നു് എനിക്കറിയാം; വിദ്യാർത്ഥികൾക്കും, സാഹിത്യാസ്വാദനതൽപ്പരരായ മറ്റുള്ളവർക്കും രസിച്ചു വായിച്ചുപോകാവുന്ന കൃതികളാണു് ഇതിലടങ്ങിയിരിക്കുന്നതു്.

ഗ്രന്ഥകാരനു സർവ്വ ഭാവുകങ്ങളും ആശംസിച്ചുകൊണ്ടു്,

മദിരാശി സർവ്വകലാശാല<br>7—5—1965 } ഡോക്ടർ എസ്സ്. കെ. നായർ

# മുഖവുര

ഞാൻ ഒരു കവിയല്ല; ഒരദ്ധ്യാപകനാണ്. നാല്പത്തിയഞ്ചു വർഷത്തോളം അദ്ധ്യാപകവൃത്തിയനുഷ്ഠിച്ചശേഷം വിശ്രമിക്കുന്നവനാണു ഞാൻ. അനേകം പ്രൈമറിസ്കൂളുകൾ, ഏതാനും മിഡിൽ സ്കൂളുകൾ, നാലഞ്ചു് ഹൈസ്കൂളുകൾ, ട്രെയിനിംഗ് സ്കൂൾ എന്നീ വിദ്യാലയങ്ങളിലെല്ലാം ആത്മാർത്ഥമായി ജോലിചെയ്യാൻ കഴിഞ്ഞിട്ടുണ്ടെന്നാണു് എന്റെ വിശ്വാസം. അതിനാൽ കേവലം സാഹിത്യ പരിശ്രമത്തിൽ മാത്രം സമയം ചെലവഴിക്കാൻ എനിക്കു സാധിച്ചില്ല. തന്നിമിത്തം ഒരു കവിയെന്ന നിലയിലോ, ഒരു സാഹിത്യകാരൻ എന്ന അവസ്ഥയിലോ എത്തിച്ചേരാൻ എനിക്കു ഭാഗ്യം സിദ്ധിച്ചില്ല.

കുട്ടിക്കാലം മുതലേ പദ്യപാരായണത്തിലും നാടോടിപ്പാട്ടുകൾ ആലപിക്കുന്നതിലും എനിക്കതീവ താല്പര്യം ഉണ്ടായിരുന്നു. ആ താല്പര്യം ഇന്നും അസ്തമിച്ചിട്ടില്ലെങ്കിലും കാലത്തിനു മാററം വന്നതോടുകൂടി ശാരീരികമായ മാററവും സംഭവിച്ചതിനാൽ ആ വിഷയത്തിൽ ഇനിയും ഉയന്നു പറക്കാൻ സാദ്ധ്യമല്ല. "ഞാനൊരു കവിയശഃപ്രാർത്ഥിയല്ല" എന്നും "കാവ്യമണ്ഡലത്തിൽ ഞെളിഞ്ഞിരിക്കണമെന്നാഗ്രഹിക്കുന്നവനുമല്ല" എന്നുമുള്ള പരമാർത്ഥം അവതാരകനായ ഡോക്ടർ എസ്സ്. കെ. നായർ നിങ്ങളുടെ മുൻപിൽ വെളിപ്പെടുത്തിയിട്ടുണ്ടല്ലോ.

പിന്നെ എന്തിനാണു് ഈ വെറും പണി നടത്തുന്നതെന്നു് ആരെങ്കിലും ചിന്തിക്കുന്നുണ്ടെങ്കിൽ അവരോടെനിക്കൊന്നേ പറയാനുള്ളു. എനിക്കു സാഹിത്യത്തോടു താൽപര്യമുണ്ടു്. ആ താൽപര്യം എന്റെ അദ്ധ്യാപന സമയങ്ങളിൽ ധാരാളമായി വെളിപ്പെടുത്തിയിട്ടുമുണ്ടു്. എന്റെ അദ്ധ്യാപനസേവനത്തിന്റെ ഒടുവിലെ പതിനെട്ടു സംവത്സരം സുപ്രസിദ്ധമായ വടവുകോട്ടു രാജർഷി മെമ്മോറിയൽ ഹൈസ്കൂളിലും ട്രെയിനിംഗ്സ്കൂളിലുമായിരുന്നു. അവിടെ എന്റെകൂടെ ബോർഡിംഗ് ഹോമിൽ താമസിച്ചിട്ടുള്ളവരും, ക്ലാസിൽ പഠിച്ചിരുന്നവരുമായ വിദ്യാർത്ഥികൾക്കു, സാഹി

ത്യകലയെക്കുറിച്ച് ഒരു നേരിയ ബോധമെങ്കിലും ഉണ്ടാകണമെന്നുകരുതി പല അവസരങ്ങളിലായി എഴുതിയിട്ടുള്ളവയാണു് ഈ ആദ്യത്തെ പൂക്കളെന്ന കൊച്ചുകൃതി. അതിൽ വലിയകാര്യങ്ങളെന്നും ഉള്ളടക്കം ചെയ്തിട്ടില്ല. പ്രകൃതിസൌന്ദര്യത്തിൻെറ ചില അംശങ്ങൾ, രാഷ്ട്രത്തിലെ നന്മതിന്മകൾ, ജീവിതസ്പർശികളായ കഷ്ടത, മരണം, രാഗം, സ്നേഹം ആദിയായവയെക്കുറിച്ച് ഓരോ അവസരങ്ങളിൽ എന്നിലുദയംചെയ്തിട്ടുള്ള മൃദുലവികാരങ്ങളുടെ ബഹിസ്ഫുരണങ്ങൾമാത്രമാണു് എൻെറ "ആദ്യത്തെപൂക്കൾ"

ഞാൻ ക്ലാസുകളിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന അവസരങ്ങളിൽ അവസരോചിതമായി ഇതിലെ പലഭാഗങ്ങളും പ്രദർശിപ്പിച്ചിട്ടുണ്ടു്. മിക്ക അവസരങ്ങളിലും അവ അച്ചടിപ്പിച്ചു വിതരണം ചെയ്യണമെന്നു ശിഷ്യഗണങ്ങളും സഹാദ്ധ്യാപകന്മാരും നിർബന്ധിച്ചിട്ടുണ്ടു്. പക്ഷെ, ചുററുപാടുകളൊന്നും അതിനനുകൂലമായിരുന്നില്ല. അങ്ങിനെ കാലങ്ങൾ നീണ്ടുപോയി. എൻെറ ഈ പ്രയത്നംകൊണ്ടു് വിദ്യാർത്ഥിലോകത്തിനു അല്പമായിട്ടെങ്കിലും സാഹിത്യാഭിരുചി ജനിക്കുമെങ്കിൽ ഞാൻ കൃതാർത്ഥനായി. എൻെറ ശിഷ്യന്മാരിൽ ചിലർ ഈ മാർഗ്ഗത്തിൽകൂടി ചരിച്ചുകാണുന്നതിൽ എനിക്കതിയായ സന്തോഷമുണ്ടു്.

ഈ ലഘുപരിശ്രമത്തിനു് പ്രോൽസാഹജനകമായ ഒരവതാരിക എഴുതിത്തന്ന മഹാനും, സ്നേഹബന്ധത്തിൽ എനിക്കനുജനും വിജ്ഞാനബന്ധത്തിൽ എൻെറ ഗുരുവുമായ ശ്രീ. ഡോക്ടർ എസ്സ്. കെ. നായരോടുള്ള അകമഴിഞ്ഞ സ്നേഹവും കൃതജ്ഞതയും ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു. എല്ലാ മാന്യമഹാത്മാക്കൾക്കും വിശേഷാൽ വിദ്യാർത്ഥിലോകത്തിനും എൻെറ വിനീതമായ കൂപ്പുകൈ.

വാളകം—മൂവാററുപുഴ,
30—6—1965.

വിദ്വാൻ ററി. കെ. മത്തായി

# 1. വെള്ളപ്പൂക്കൾ

(ഗാഥ)

കാലുഷ്യം കാണിയുമേശാതെ നില്ലുമ-
പ്പാലൊളിപ്പൂക്കളെപ്പാർത്തുകാൺകിൻ,
ആലസ്യമൊക്കെയും നീങ്ങുമച്ചിത്തത്തിൻ
കാലുഷ്യക്കാറുകൾ മാഞ്ഞുപോകും.
പുഞ്ചിരിച്ചന്ദ്രിക സവ്വാധരങ്ങളിൽ
ചെഞ്ചമ്മേ പൂത്തുമക്കൊള്ളുയിങ്കൽ.
മാനവമാനസവേദിയിൽ തങ്ങിടും
ഹീനതകാണിയ്ക്കും ഒപ്പിണമായ്,
കാണികൾ മുമ്പിലായ് നിത്യവും നിൽക്കുന്ന
ചോണേലും വെൺപൂക്കൾ ശുദ്ധമായി.
സ്വച്ഛത, നൈർമ്മല്യ,മാർദ്രത തൊട്ടുള്ളോ-
രച്ഛമാം ജീവിതകന്ദളങ്ങൾ,
നന്നായി കാട്ടുന്നു, മാനവർക്കൊക്കെയു-
മിന്നല്ല പുഷ്പങ്ങൾ നാളിൽ നാളിൽ.
മാമലശ്രേണികൾക്കപ്പുറം ഭാനുമാൻ
കോമളകാന്തി പരത്തിടുമ്പോൾ,
ഈ വെള്ളപ്പുഷ്പങ്ങൾ പുഞ്ചിരിച്ചീടും നൽ-
ധാവള്യം പാരിൽപരത്തി മുററും.
അക്കാഴ്ചമൂലമമ്മാനവർ മാനസം
ചിക്കെന്നു സ്വർപ്പുരിയെത്തും നൂനം.

ആമോദവായ്പിന്റെ വേലിയേററത്തിലീ-
മ്മേദിനി മഗ്നമായ്ത്തീരും മുററം
ജീവിതത്തിന്റെ പരുപരുപ്പേറിടും
ഭാവങ്ങൾ ചിത്തം തകർത്തിടുമ്പോൾ,
സ്വച്ഛത പൂണുമിപ്പുഷ്പത്തിൻ ദർശനം
നിശ്ചയമാരിലും സ്വസ്തി ചേർക്കും.

വൈരം മുഴുത്തു വസിപ്പവർ ചിത്തത്തിൽ
സ്വൈരമുദിക്കുമീ പുഷ്പം കാൺകിൽ.
ചിത്രം വിചിത്രമീ സൂനങ്ങൾ പാർക്കുകി-
ലെത്രയോ സത്യങ്ങൾ കണ്ടെടുക്കാം

മണ്ണിൽമറഞ്ഞുകിടക്കുന്ന ശുദ്ധമാം
വിണ്ണിന്റെയംശങ്ങളിപ്പുഷ്പങ്ങൾ.
കൺകളിൽ ചിന്മയരൂപം തെളിക്കുന്ന
വെൺകതിർദീപങ്ങളിപ്പുഷ്പങ്ങൾ.
ആകയാൽ മൽക്കരം കൂപ്പുന്നു ദൈവമേ!
ശോകമകററി നീ കാക്കുകെന്നെ.



## 2. കഷ്ടത

(കേക)

കഷ്ടതേ! നിന്നെപ്പോലെ സൌഭഗം നിറഞ്ഞതാം
തുഷ്ടിമന്ദിരം നിർമ്മിപ്പോരാരുമില്ലേ, പാരിത്,

കൊട്ടാരമോ കുടിലോയെന്നില്ല നിനക്കങ്ങു
തിട്ടമായ് നൃത്തം ചെയ്യുമെങ്ങുമേ നിത്യവും നീ.

അഞ്ജനമിട്ടെന്നാലും കാണില്ല നിന്നെ,പ്പാരിൽ
രഞ്ജിപ്പുവാഴില്ല നീ മാനുഷരോടു തെല്ലും.

ശോകമാം സാഗരത്തിലാറാടിക്കളിക്കും നീ
മൂകരാക്കുന്നു തമോവായ്പ്പിനാൽ ജനങ്ങളെ.

വിത്തഭണ്ഡാഗാരമാം ബാങ്കുകൾ പൊളിയുമ്പോ-
ളുത്തലില്ലാതെനിന്നു ലാത്തും ധന്യേ! മന്ദം നീ.

പോരാളിപ്പരിഷകൾ പാരിൽ വീണുഴലുമ്പോൾ
നീരാട്ടും കൊട്ടഞ്ചോരപ്പുഴയിൽ സാമോദം നീ.

അല്ലലാം പെരുങ്കടൽ രചിപ്പൂ നീയെങ്ങുമേ,
സല്ലീലമാനന്ദത്തിൻ നൗകയും നമത്തിട്ടും.

അംബുജാക്ഷിമാരെല്ലാം നിത്യം വെറുക്കും നിന്നെ-
യിമ്പം നീയവർക്കേതും നൽകാത്തമൂലം മൂറം,

നിന്മുഖപങ്കജത്തിലാരും നോക്കില്ല; പക്ഷേ
നിന്മുഖം കാണാത്തവരാരുമില്ലിപ്പാരിങ്കൽ.

കുക്കുടക്കുഞ്ഞിനെ റാഞ്ചാൻ വിയത്തിൽ ഗരുഡൻ
തക്കംനോക്കും കണക്കേ സഞ്ചരിച്ചു നീയെന്നും,

സൌഖ്യാമൃതം ഹരിച്ചു കഷ്ടതക്കുട്ടിലെന്നും
വിഖ്യാത ജനങ്ങളെ പാർപ്പിക്കുന്നല്ലോ! നീതാൻ

## 3. പൂങ്കുയിലും മാടപ്രാവും

അതിരററ കാന്തികലർന്ന മുററം
പതിവായ് വസന്തവും വന്നണഞ്ഞു
പുത്തു പല്ലവങ്ങളണിഞ്ഞു തേന്മാ-
വത്തുതന്നെ ഭക്ഷിച്ചു പൂങ്കുയിൽ താൻ.
കള കള രാഗസുധയൊഴുക്കി-
യിളതന്നിലാനന്ദച്ചാറുപൂശി;
തെരു തെരെ ഗാനങ്ങളംബരത്തിൽ
തിരതല്ലി മാറെറാലി ചേർത്തിടുന്നു.
പുരുപുളകങ്ങളണിഞ്ഞു മെയ്യി-
ലൊരുഗാനമായ് പിങ്കൽ ദേവഗണം.
കതിരവൻ കോൾമയിർക്കൊണ്ടുനന്നായ്;
അതിതുഷ്ടി പൂണ്ടിതത്താരകങ്ങൾ.
ഇതുമട്ടു ഗാനത്തിൻ വേലിയേററം
നിതരാമലച്ചുമറിഞ്ഞ നേരം;
ഒന്നിലന്മാനന്ദതുന്ദിലനാ-
യ്ക്കനിവാർന്നു വീശിനാൻ നാലുപാടും.
അരിയൊരു ഗീതത്തിൻ മാധുരിതാൻ
ത്വരിതം കടന്നുചെന്നാശതോറും.

"ഒരു കുന്നിലുത്തുംഗഗവാകതന്നി-
ലൊരു മാടപ്രാവു ലസിച്ചിരുന്നു.
പരമാനുരാഗം വളർത്തിടുന്നോ-
രരുമപ്പൂങ്കോകില ഗാനം കേട്ടു.
നിജമെയ്യിലോമൽപ്പുളകപാളി,
ഭജനം തുടങ്ങി ധിട്ടക്കരോടേ
ഹൃദയത്തിൻ കൂമ്പു മുളയെടുത്തി-
ട്ടുദയം തുടങ്ങി കപോതിഗാനം."

പല പല ഗാനങ്ങൾ കോകിലത്തിൻ
നലമെഴും കണ്ഠത്തിൽ നിന്നുയർന്നു.
അന്തഃകരണാബ്ധിയിൽ നീന്തി നോക്കി-
ട്ടനുകാരിയാകാതെ തോററ പ്രാവും.

നിസർഗ്ഗ സുന്ദര ഗാനമല്ലോ
പൂങ്കുയിൽ താനും പൊഴിപ്പതെന്നും.
ജന്മാന്തരങ്ങൾ കഴിഞ്ഞെന്നാലു-
മിമ്മാടപ്രാവുകൾ പ്രാക്കൾ തന്നെ.
സംസ്കാരം നാൾക്കുനാൾ വർദ്ധിച്ചാലും
പുംസ്കോകിലമായ്ക്കപോതിയാകാ.
"കുറുകുറു" ശബ്ദമതൊന്നു മാത്ര-
മവതിവരെക്കുമതിന്നു ലഭ്യം.
എന്നല്ലോ ലോകത്തിൻ ചിന്ത മുഖ്യ-
മെന്നാലതിനൊട്ടു മാററമുണ്ടാം.
"തത്തയും മൈനയും മാറുമങ്ങു
നിത്യ സംസർഗ്ഗത്താൽ ഗാനം ചെയ്യും"
കുറുപ്രാവു ശബ്ദമുയർത്തിയപ്പോൾ
ചെറുകാററടിച്ചു പറത്തിവിട്ടു.
അതു ചെന്നു ചേർന്നല്ലോ പൂങ്കുയിലി-
ന്നിരുകർണ്ണത്തിൽ ഭേരിനാദം പോലെ
പികവധുവപ്പോൾക്കപോതി തന്റെ-
യപസ്വരമൊക്കെയും ചൊന്നുവിട്ടു.
അതു കേട്ടകതാരിലാശയേറി-
ട്ടതിമോദം പൂണ്ടു കപോതി ചെന്നു,
ചിരുതനാം പൂങ്കുയിൽ മുമ്പിലങ്ങു
മരുവി മുറയ്ക്കു പഠിച്ചു ഗാനം
ഒരുമട്ടു ഗാനം വശത്തിലായി-
ട്ടിരുവർക്കുമുള്ളിലുദിച്ചു പ്രേമം.
പിരിയാത്ത ബന്ധമപ്പക്ഷികൾക്കു-
ണ്ടൊരുഹേതുവെന്യേയുദിച്ചുവല്ലോ!

അകലത്തിരിക്കുമിരുമ്പുതാനും
തടവെന്യേ കാന്തത്തോടെന്ന പോലെ.
പെരുവാകയിലുള്ള സൌഖ്യമെല്ലാം
കരുതികഴിച്ചവർ പോന്നുവല്ലോ !
ഒരു കാലം തന്റെ രക്ഷയ്ക്കായി-
പ്പെരുമാറി നിന്നൊരു വാകതന്നോ-
ടൊരു നന്ദി കാട്ടാതെ വിട്ടു പോന്ന-
തൊരു കാലത്തും നന്മയായ് വരില്ല.
നവമാവിൻ പല്ലവസ്വാദിനാലും
കരിങ്കോകിലം തന്റെ പാട്ടിനാലും
കരപ്രാവു നിത്യം സുഖിച്ചു വാണു,
പറവാനസാദ്ധ്യമസ്സൌഖ്യസാരം.

ഒരു നാൾ പുലരിയിൽ കോകിലം താൻ
നവപല്ലവങ്ങൾ കപോതിയൊത്ത്,
സരസം ഭുജിച്ചു തെളിഞ്ഞനേര-
ത്തൊരുവേടനമ്പു വലിച്ചു വിട്ടു.
പൂങ്കുയിൽ നേർക്കങ്ങണഞ്ഞു ബാണം
ചങ്കു തുളച്ചു കടന്നു കഷ്ടം !
നിനയാതിരുന്ന കപോതി താനും
മനതാരുടഞ്ഞു തകർന്നു വീണു.
തെരുതെരെയംബരവീഥിയിങ്കൽ
കരുണം വിളിച്ചു പറഞ്ഞനേരം,
ഹതവിധി തന്റെ കടുത്തകൈയാം
മൂത്ത ഗരുഡനങ്ങെടുത്തു വേഗം
കരപ്രാവുതന്നെയപഹരിച്ചി-
ട്ടവതിവരുത്തി, — വിശപ്പടക്കി !
ശരിയൊത്ത ചിന്തയും ബന്ധവും താൻ
കരുതി വസിപ്പതു ഭാഗ്യമാവൂ !

# 4. ചിന്താതീതം

(വഞ്ചിപ്പാട്ട്)

ചിന്തയിലൊതുങ്ങാത്തുള്ള സംഭവങ്ങളെന്റെ മുമ്പിൽ
സന്തതം വന്നണയുന്നിതെന്തുചെയ്‌വൂ ഞാൻ ?
കാലചക്രമണത്തിൽ മേല്പുകീഴായ് സംഭവങ്ങൾ
കാലകാലനിയോഗത്താൽ നടന്നീടുന്നു.
ചേലെഴും സുഖങ്ങളെല്ലാം നിമിഷത്തിൽ സ്ഥിതിമാറി
മാലിയറ്റം സംഭവങ്ങളുളവാകുന്നു.
ധനസുഖഗിരിയേറിയമിതാനന്ദം വളർത്തും
മനുജന്റെ മനസ്സുഖം ക്ഷണം നശിപ്പൂ !
കണവന്റെ സവിധത്തിൽ സുഖമീലിതാക്ഷിയായി-
ന്നുണയതി വധു നിന്നു ലസിക്കും നേരം.
എവിടുന്നോ ഝടിതിയിൽ ദുരിതത്തിൻ കനലുക-
ളവരുടെ മനതാരിൽ പതിക്കുന്നയ്യോ !
ജനനിതന്നങ്കസീമനി സുഖത്തിൽ പച്ചിലത്തൊപ്പി-
ലനങ്ങാതെ നിദ്രപൂണ്ട ശിശു ക്ഷണത്തിൽ,
യമപുരിയണയുന്നു, നിലവിളിയുയരുന്നി-
തമിതാനന്ദം ദുഃഖമായ് ജനിപ്പൂ പാരിൽ.
അനുരാഗസുധയിലങ്ങധികമായ് മനം ലയി-
ച്ചനുപമമണ്ണരാശിയനുഭവിപ്പോർ,
കലഹത്തിൻ ചുഴിയിലങ്ങകപ്പെട്ടു, നിലതെറ്റി-
യലയുന്നു, ധരണിയിൽ ദുരിതംപൂണ്ടും.
വിജയത്തിൻപതാകയങ്ങരികൾതൻ നാട്ടിൽ നാട്ടി,
വിജയശ്രീലാളിതനായ് പുകഴും രാജൻ,
സുഖാമൃതബിന്ദുക്കളങ്ങധികമായ് പൊഴിക്കവേ,
സുഖനാശകരിന്നിഴൽ മുഖത്തുദിപ്പൂ !
ഇതുമട്ടു മനുജന്റെ സ്ഥിതിവിവരങ്ങളോർത്താ-
ലതിരില്ലാ, 'ചിന്താതീത'മതിൻരഹസ്യം.

# 5. ബന്ധനത്തിൽ

(അന്നനട)

I

അന്നൊരു ഭാസ്കരനചലസാനുവി-
ചിന്നങ്ങി കൂരിരുട്ടതിവ ഭൂമിയിൽ.
ഗഗനമാകവേ നിറഞ്ഞു കൊണ്ടലാൽ
ഖഗങ്ങൾ ഗാനങ്ങൾ വെടിഞ്ഞു ഭീതിയാൽ.
അളികൾ, ഭേകങ്ങൾ തികഞ്ഞ മൌനമാ-
ന്നുളവെന്യേ ഭീതി ജനിച്ചു മർത്ത്യരിൽ.
ഉഡുക്കളുമങ്ങു പൊഴിച്ചു ബാഷ്പങ്ങൾ,
കടുത്ത മാനുഷപ്രവർത്തനം കണ്ടു്.
കൊടിയ രാക്ഷസൻ ഡൊമീഷൻ കൈസർതാൻ
പടജനങ്ങളും തിമിർത്തു, ധൂർത്തന്മാർ
പിടിച്ചു ക്രൈസ്തവ ജനങ്ങളെയൊക്കെ,
മുടിച്ചു വാളിനാൽ തെരുതെരെയങ്ങു്.
എറിഞ്ഞനേകരെ ജ്വലിക്കുമഗ്നിയി-
ലെറിഞ്ഞനേകരെ തിളയ്ക്കുമെണ്ണയിൽ.
നെടിയ പാശങ്ങളെടുത്തു കണ്ഠത്തി-
ലുടക്കി മാമരധ്വജങ്ങളിൽ ചാർത്തി.
തെരു തെരെ വധം നടത്തി ദുഷ്ടന്മാർ
നിരവധി ജനമൊളിച്ചു മണ്ടിനാർ.
നരബലികണ്ടു രസിച്ചു കൈസരും,
ഇരുന്നു മഞ്ചത്തിലധിക തുഷ്ടനായ്

തികഞ്ഞ ഭക്തനായ് തെളിഞ്ഞ യോഹന്നാൻ
തകർത്ത രാക്ഷസപ്പടയ്ക്കു മുൻപിലായ്
വെടിഞ്ഞു സന്ത്രാസം, വരിച്ചു പുഞ്ചിരി
വിടർന്ന പുഷ്പംപോൽ തെളിച്ചു കാട്ടിനാൻ.
പിടിച്ചു ബന്ധിച്ചു നടത്തി കിങ്കരർ
കടുത്ത കൈസരിന്നരമനതന്നിൽ,
കൊടുത്തു കല്പന ഝടിതി കൈസരും;
പിടിച്ചു ബന്ധിച്ചങ്ങുദധിമദ്ധ്യത്തിൽ,
വിളങ്ങിടും 'പത്മോസ്' ചെറുതുരുത്തതിൽ,
വെളിച്ചമറ്റൊരു തുറുങ്കിലാക്കിനാർ.
പല ദിനങ്ങളും കഴിച്ചു ഭക്തനും
നലമൊടു ചിത്തം തെളിഞ്ഞു തൻഗുരു-,
വുരച്ച വാക്കുകൾ ഹൃദി നിനച്ചുകൊ-
ണ്ടൊരു ചലനവും മതിക്കുവന്നിടാ.
തവൻ കിടന്നു തൻ പരമദൈവത്തെ,
ദിവസവും ഭജിച്ചുറച്ചു മേവിനാൻ.
ഒരു ദിനത്തിലപ്പരമ യോഗിതാൻ
ചിരന്തനൻതന്നെബ്ഭജിച്ചിരിക്കുമ്പോൾ,
വിവശതയതിൽ മുഴുകി മാനസം
ഭവമൊടു നിലംപതിച്ചു ഭക്തനും.
സന്താപക്കണ്ണുകൾ തെളിഞ്ഞു ഭംഗിയിൽ.
സന്താപനാശനനണഞ്ഞതും കണ്ടാൻ.
കനക സപ്തദീപങ്ങൾ മദ്ധ്യത്തില-
ങ്ങനന്തതേജസ്സു ജ്വലിയ്ക്കും കണ്ണുകൾ,
ഹിമതുല്യം വിളങ്ങിടുന്ന കേശവും
സമമില്ലാതൊരു ശരീര കാന്തിയും,
അരുണകാന്തിയെ യധഃകരിക്കുന്ന
കരുണക്കാതലിൽ മുഖത്തിളക്കവും

വലങ്കരം തന്നിലെഴുതാരങ്ങളും
നലമൊടുജ്വലിച്ചിടുന്നിതെപ്പോഴും.
പദസരോജങ്ങളുലയിൽ കാച്ചിയ
ചിത്തമെഴും വെള്ളോടത്തുകണക്കിലാം,
ഇരുവശം മൂർച്ഛയെഴുന്നസികളും,
തെരുതെരെ വമിച്ചിടുന്ന വക്ത്രവും,
ധവളകാന്തിയാലരുണനമങ്ങ്"
വിവശതനൽകും നിലയങ്കി, പിന്നെ,
വിരിഞ്ഞ മാറിലെത്തെളിഞ്ഞ പൊൻകച്ച,
ശരിക്കുകെട്ടിയും നില കൊള്ളുന്നവൻ,
ഉരച്ച മേഘത്തിൻ മുഴക്കത്തെ വെല്ലും
ഇരച്ചെഴുന്ന വാക്കതീവ ഘോരമായ്

## II – (ഗാഥ)

‘വത്സാ, നീയെന്തിനു വിഭ്രമിച്ചീടുന്നു
ഉത്സാഹം പൂണ്ടങ്ങെഴുന്നുകൊൾക.
മത്സഹായം നിനക്കെപ്പോഴുമുണ്ടെന്നു
ചിത്സ്വരൂപനാം ഞാൻ ചൊന്നിടുന്നു.
കർണ്ണം തുറന്നു നീയെന്മൊഴി കേട്ടിട്ടു
വർണ്ണിച്ചു കേൾപ്പിക്ക കേൾക്കുംപോലെ.’
തേന്മൊഴിയോരോന്നും ചിന്മയൻ ചൊന്നതു
തന്മനം തന്നിലങ്ങാക്കി ചെമ്മേ.
ചിററാസ്യ തന്നിലെ ക്രൈസ്തവജാതിക്കു
മുററം മൊഴിഞ്ഞവൻ കേട്ടപോലെ.
ഉല്ലംഘിതാജ്ഞന്മാരായുള്ള മർത്ത്യർക്കു
തെല്ലും വിടാതുള്ള ശിക്ഷകളും;
ഓതിനാനങ്ങവൻ, പിന്നെയും ധ്യാനത്തിൽ
സ്ഫീതപ്രകാശനായ് തത്ര മേവി.

ചിന്മയനന്നോട്ട പാറാവുമദ്ധ്യത്തിൽ
പൊന്മയരൂപനായ് വന്നു നിന്നാൻ.
തണ്ടാർസഖൻ തന്റെ കാന്തിയെ വെല്ലുന്നോ-
രാണ്ടവൻ ത്രുമുഖം കണ്ടനേരം
അത്തൽ പൂണ്ടങ്ങവൻ ചിത്തം നടുങ്ങീട്ട്
ചത്തവനൊപ്പമായ് വീണു കാല്ക്കൽ.
ചിന്മയസൂനുതാൻ പൊൻകരം നീട്ടീട്ട്
മൺമയമൂർത്തിമേൽ വച്ചുകൊണ്ട്
ഭീതി നിനക്കേതുമുണ്ടാകവേണ്ടെടോ !
ആദിയുമന്തവും ജീവനും ഞാൻ.
മൃത്യു ഭേദിച്ചവൻ ഞാനായിരുന്നല്ലോ
മൃത്യുവറ്റെന്നെന്നും ജീവിക്കുന്നേൻ
മരണപാതാളങ്ങൾക്കുള്ളതാം താക്കോലും
കരതലം തന്നിൽ ഞാൻ വച്ചിരിപ്പേൻ
കഷ്ടതപൂണ്ടുള്ള മർത്ത്യർക്കെല്ലാർക്കുമേ,
തുഷ്ടി ഞാൻ നൽകുവാൻ പോകുന്നിപ്പോൾ
കാരാഗാരത്തിൽ നീയേകനാണെങ്കിലും
പാരാതെ കണ്ടുകൊൾകെന്റെ രാജ്യം
ചിദ്രൂപനായുള്ള ക്രിസ്തുന്റെ വാക്കുകൾ
വിഭ്രമം നീക്കി തൻഹൃത്തിൽനിന്നും.
പുത്തനാകാശവും പുത്തനാം ഭൂമിയും
സത്വരം കണ്ടവൻ തുഷ്ടിപൂണ്ടാൻ.

## 6. ആകർഷണം

സുന്ദരകാന്തി തുളുമ്പിടുമ-
മ്മന്ദാരത്തോപ്പിൽ ഞാൻ നോക്കിനില്ക്കെ;

* * * * *

പ്രേമത്തിടമ്പിന്റെ പൊന്നലകൾ
മാമകഹൃത്തടം പുല്കി മുററം.
രോമാഞ്ചക്കല്ലോലനിർഝരികൾ
സീമകവിഞ്ഞെന്നിൽ നിന്നൊഴുകി.
മായാസമ്പൂർണ്ണമാമെന്റെ ചിത്തം
സായൂജ്യസാമ്രാജ്യം പൂകി മുററം
ആനന്ദത്തേനോലും ഗീതവായ്പിൽ
ഞാനങ്ങറിയാതെ മഗ്നനായി.

പുഞ്ചിരിച്ചന്ദ്രിക തന്നെയെങ്ങും
ചഞ്ചമ്മേ കാണുന്നിതെന്തു ഭാഗ്യം.
ഭാമൽത്തനുവിന്റെ കാന്തിപൂരം,
സോമന്റെ ശോഭയെ വെന്നിടുന്നു.
അല്ലലിൻ കാർമേഘമപ്പുറത്തിൽ
തെല്ലും കാണാത്തുള്ള പുണ്യലോകം;
മന്ദത കോലുന്ന ചിത്തരംഗം
സുന്ദരമാക്കുന്ന പുണ്യതാരം:
അന്ധത നീക്കുന്ന ചന്ദ്രികയെ
ബന്ധുരമാക്കുന്ന പുഞ്ചിരികൾ.
കണ്ടെന്നാമാർക്കും മതി വരാത്ത
തണ്ടലർ തന്നെയാണത്തിടമ്പ്.

ദാഹവും മോഹവും മാച്ചിടുന്ന
കാഹളനാദമാണത്തിടമ്പ്.
ഭൂലോകം സ്വർഗ്ഗമായ് മാററിടുന്ന
ചേലെഴും മാണിക്യമത്തിടമ്പ്.
ശാന്തിതൻ പൂന്തണൽ നൽകി മുററും
സന്തതം മേവുന്ന കല്പവൃക്ഷം.
മാമക സൌഭാഗ്യ വല്ലികളിൽ
പൂമലർ ചാർത്തുന്നപ്പോൽത്തിടമ്പ്

# 7. വാടിയ പിച്ചകം

(ഗാഥ)

## I

ഇപ്പുഴവക്കിൽ ഞാൻ നിന്നിമേഷാക്ഷനാ-
യപ്പൂവിൻ കാന്തിയെപ്പാർത്തു നില്ക്കെ;

* * * * *

എൻപ്രേമതാമരപ്പുഷ്പമേ! ഭാവിനി-
യൻപുവെടിഞ്ഞു കിടപ്പതെന്തേ?
ആകുലവാരിധിവീചിയിൽ താഴുവാൻ
നീ കിഞ്ചിൽ ചിന്തിപ്പതെന്തു കഷ്ടം!
പ്രേമമാം വാരിയാൽ പച്ചപിടിച്ചൊരു
കോമളരാഗമാം പിച്ചകമോ!
മൂലത്തിലാതപ്തതോയമൊഴിക്കയാൽ
കാലത്തിൻ മുൻപുതാൻ പ്ളുഷ്ടമായി.
ഘോരകിരണങ്ങൾ മേനിയിലേല്ക്കയാൽ
പാരംകരിഞ്ഞു നിലത്തു വീണു.
നന്മതൻ തൂമലർ തൂവുന്ന പൂച്ചെടി
തന്മയം വിട്ടു കരിഞ്ഞതെന്തേ?
ചിന്തിക്ക മാമകപ്രേമത്തിൻ ധാമമേ!
സന്തതം നിന്നുടെ ജീവകാര്യം


## II

സൌരഭ്യം തൂവിയ താവകചൈതന്യം
വൈരസ്യമാണ്ടു കിടപ്പതന്നോ.

താരേത്തനങ്ങളുള്ളിൽ വഹിച്ചു വളൎന്നൊരു നിൻ
ചിത്തുള്ള കോരകം നഷ്ടമായോ?
സോമസുഷമയ്ക്കൊത്തൊരു ചെപ്പേ നി-
ന്നോമൽത്തനുവിന്നു ചാമ്പലായോ?
പങ്കമകന്നുള്ള പുഷ്പമിറുക്കുവാ-
നെങ്കരം വാഞ്ഛരിച്ചു നിൽക്കുന്നയ്യോ!
തണ്ടാരിൻ തൂമണം, റോസിന്റെ സൌരഭ്യ-
മീണ്ടൽപ്പെട്ടുത്തുകമെൻ മാനസത്തെ.
സങ്കടനിമ്നഗതന്നിൽപ്പതിച്ചെന്റെ
പങ്കിലമാനസപ്പൊന്തോണി താൻ;
നിശ്ചയമില്ലാതെ പാഞ്ഞിതാ പോകുന്നു
പിച്ചക വല്ലിയേ കേൾക്ക നീയും.

* * * * *

ജീവിതപ്പൂങ്കാവു മുററം തകൎത്തെന്റെ
ഭാവിയും നഷ്ടമായ് പിച്ചകമേ!



## 8. അന്നും ഇന്നും

I

അന്നു ഞാൻ നിനക്കല്ലിനെ നീക്കും
വെണ്ണിലാവായി നിന്നതേ!
കല്ലും മുള്ളും ചവിട്ടി നീയങ്ങെ-
ന്നല്ലലിൽ സ്ഥിരചിത്തയായ്.
ഫുല്ലമോദം നീ വാണല്ലോ എന്റെ
മല്ലികാ കൊട്ടങ്കാട്ടിലും.
ഏറിയ കാലമാനന്ദത്തിന്റെ
നേരിയ തമിർപ്പാതയിൽ;
നീന്തുവാൻ വശമാക്കി നീയങ്ങെ-
ന്നരികേ വന്നു പാർക്കയാൽ;
ക്ഷീണചിത്തനായ് ഞാനിരിക്കവേ
കാണിയും പാർത്തു നിൽക്കാതെ.
നർമ്മഭാഷണം ചൊല്ലി നീയെന്നെ,
കർമ്മലീനനായ് തീർത്തല്ലോ!
രോഗബാധിതനായി ഞാൻ ശോക-
ഭോഗിയാൽ കടിയേൽക്കവേ;
അല്ലൽ തെല്ലും കണക്കിടാതെന്നെ-
യുല്ലാസപൂർവം കാത്തല്ലോ!
നിത്യം നിത്യം നിൻ പുഞ്ചിരിപൂണ്ട
സത്യവാക്യങ്ങളന്നെന്റെ,
ഹൃത്തിൽ പല്ലവമല്ല്യത്തിൽ ചില
പുത്തൻമൊട്ടുകളിട്ടല്ലോ!

ഭാവിജീവിതപാതയിലെന്നെ
ഭാവുകനാക്കിത്തീർത്തിടും
എന്നു നണ്ണി നിൻ ചിത്തവേദിയി-
ലന്നെൻ ചിത്തവുമപ്പിച്ചേൻ.

## II

ഇന്നഹോ കാലം മാറിവന്നെൻെറ
കന്നൽനേർമിഴി കേഠക്കണം.
പഞ്ചമിച്ചന്ദ്രൻ മാഞ്ഞുപോയല്ലോ!
സഞ്ചിത മുകിൽമാലയിൽ!
സ്നേഹഭാഷണ രീതികളെല്ലാം
ഹാ! ഹാ! പോയല്ലോ മല്ലികേ!
പൂനിലാവിലെ ജീവിതസൌഖ്യ-
ഹാനിയുമിന്നു വന്നല്ലോ!
കണ്ണുപീയൂഷ വാക്യങ്ങളെല്ലാം
കർണ്ണത്തിൽ നിന്നും പോയല്ലോ!
ആശ്വാസത്തോപ്പിലെത്തുമെന്നുള്ള
വിശ്വാസത്തേനും നഷ്ടമായ്.
എങ്ങുപോയെൻെറ മല്ലികേ, നീയും
ചങ്ങാത്തം വേറെ കണ്ടുവോ?
ആകുലമററ ജീവിതം തേടി-
പ്പോകാനോ നിൻെറ ലാക്കെല്ലാം?
കോമളസൂനപൂർണ്ണമാം വാടി-
യോമലേ! എന്നും കാണുമോ?
പല്ലവം മൂത്തു കാലാന്ത്യത്തിങ്കൽ
ചില്ലയിൽ നിന്നും വീഴില്ലേ?
വീണ്ടുമായതിൽ പല്ലവക്കൂട്ടം
കണ്ടിടാൻ കാലമാവില്ലേ?

ആഴിയിൽ നിന്നുയരും നീരാവി-
യൂഴിയിൽ വീണ്ടും വെള്ളമായ്;
ഭേദമെന്നുള്ള കാര്യവും നിന-
ക്കോർക്കുവാൻ കഴിവില്ലയോ ?
കുന്നിന്നപ്പുറം വൻകുഴിയത്തും
പിന്നെയും കുന്നും കാണുമ്പോൾ
നന്മയും പിന്നെ തിന്മയും വീണ്ടും
നന്മയും വന്നു ചേർന്നിടാം.
ആത്മശോധന ചെയ്തിടാൻ നിന-
ക്കാത്മാവില്ലയോ ? — മല്ലികേ !

* * * *

അന്നു ഞാൻ നിനക്കല്ലിനെ നീക്കും
വെണ്ണിലാവായി നിന്നുതേ !



# 9. ആത്മകഥനം

പല പല ചിന്തകൾ വാർത്തെടുത്തു
നലമെഴും സങ്കല്പ സൗധമൊന്ന്.

കല്പനകളെൻ ചിത്തവേദിയിൽത്താ-
ണ്ഡവം ചെയ്കയില്ലെന്നോർത്തിരുന്നു.

'മതിമുഖി' വാനിലും പാരിതിലും
പ്രതിദിനം പുഞ്ചിരിതൂകുകയാൽ;

കൗതുകത്തിൻ കൂമ്പുകൾ പൊന്തിയെന്റെ
മതിയതിൽ, മേനിയോ പുളകം പൂണ്ടു.

പനനീരലരിന്റെ ശോഭയെന്നിൽ
നിനയാത്ത സൗഖ്യവും ചേർത്തു മുററം.

അവനിയിലെൻ ജീവനാകമാനം
നവചൈതന്യമേററിയപ്പുഷ്പം താൻ

മന്ദമാമെന്നിലോ നാളിൽ നാളിൽ
സുന്ദരചിന്തകൾ പൊന്തിവന്നു,

പാടലസൂനത്തിൻ രാഗമെന്നിൽ
നീടുററപ്രേമത്തിൻ വിത്തുപാകി,

അന്നെന്റെ കണ്മണി പുഞ്ചിരിയാൽ
ഖിന്നതയെന്നിൽ നിന്നാററിയല്ലോ!

"എന്നെന്നും" സ്നേഹത്തിൻ പച്ചിലകൾ
മന്നിൽ പൊഴിച്ചവൾ വാണിരുന്നു.

ആടലെൻ ചുററിലും വന്നുചേർന്നാ-
ലാടിയും പാടിയും സൗഖ്യമേകി

നിത്യവുമെന്നിൽ പുളകം ചാർത്തി-
യത്യന്തമോദമോടത്തയ്യലാൾ

ദേഹത്തിൻ കാന്തി കുറഞ്ഞെന്നാലും
സ്നേഹത്തിൻ കാന്തി കുറയില്ലെന്നും;

മോഹന സ്വപ്നങ്ങൾ കണ്ടെന്നാലും
വ്യാമോഹിച്ചുള്ളവർ വാഴില്ലെന്നും;

പട്ടിണി പൈദാഹം വന്നെന്നാലും
വിട്ടുപിരിഞ്ഞെന്നെപ്പോവില്ലെന്നും,

സ്നേഹത്തിന്റെ തളിർപ്പൂക്കളിൽ
ആഹാ! ശുശ്രൂഷതൻ സൂനങ്ങളിൽ,

മായാത്ത ബന്ധത്തിൽ നൂലുകളിൽ,
പോയാലും പോകാത്ത ലീലകളിൽ,

കേണാലും കേഴാത്ത ജീവിതത്തിൽ,
താണാലും താഴാത്ത ഭാവങ്ങളിൽ,

തോററാലും തോൽക്കാത്ത ചേരികളിൽ,
മാഞ്ഞാലും മായാത്ത ചിത്രങ്ങളിൽ,

കണ്മണിയെന്നെക്കരുതുമെന്ന–
ങ്ങുണ്മയിൽ ചൊന്നതുമോർത്തിരുന്നേൻ.

* * * * *

ഇന്നഹോ കാലം മറിഞ്ഞുപോയി
മന്നിലെൻ സൌഖ്യവും പാറിപ്പോയി.

ഇന്നെന്റെ ജീവിത പാതയില–
ക്കന്നൽ മിഴിയാളെക്കാണുന്നില്ല!

സ്നേഹത്തിൻ പാതയിൽ നിന്നകന്നു
മോഹത്തിൻ തേരിലങ്ങേറിപ്പോയവൾ.

കേണിട്ടും കേഴാത്ത ജീവിതത്തിൽ,
താണിട്ടും താഴാത്ത ഭാവങ്ങളിൽ,

മാഞ്ഞിട്ടും മായാത്ത ചിത്രങ്ങളിൽ,
തോററിട്ടും തോൽക്കാത്ത ചേരികളിൽ,

ഉണ്മയിലെന്നെക്കരുതിയില്ല–
കണ്മണി ചൊന്നതു സത്യം താനോ?

# 10. കണ്മണി

I

ജീവിതയാത്രയ്ക്കു ഞാനൊരുങ്ങി
താവിനകത്തുകാൽ പാദം വച്ചു
അന്നെന്നിൽ നിക്ഷിപ്തമായ വേല-
തന്നിൽ ഞാനി[illegible]ം നിരതനത്രേ
താരിലും മാർദ്ദവചിത്തമാന്നോ-
നാരിലും കാരുണ്യം കാട്ടിടുന്നോൻ
സ്നേഹത്തിൻ ശീതിയാൽ മുററമെന്നിൽ
സ്നേഹം വളർത്തിയ പുണ്യശ്ലോകൻ;
കുട്ടപ്രവർത്തകൻ ചെയ്ത നന്മ-
യൊട്ടുമെന്നായുസ്സിൽ മറഞ്ഞുപോകാ.
മിത്രമായല്ലൊരു പുത്രനെപ്പോ-
ലെത്രയും സ്നേഹിച്ചു ലാളിച്ചെന്നെ
അന്നൊരുനാളെന്റെ ജീവിതത്തിൽ
പൊന്നോണപുഷ്പം താൻ കാട്ടിത്തന്നു
അത്താരിനുള്ളിലെ തേൻകണങ്ങൾ
പുത്തൻ രുചിയെന്നിലേററി മുററം

II

കണ്മണി ! നിന്നിൽ ഞാനെത്രകാലം
വിൺമയകാന്തിയെക്കണ്ടിരുന്നു
ചെമ്മേയെൻ ചേതന പുഷ്പത്തിൽ നീ
സമ്മോദവായ്പിന്റെ വിത്തുപാകി

ആനന്ദക്കാതലേ! നിന്നിലെന്റെ
ഗാനവും മാനവും പൂണ്ടിരുന്നു.
അന്നു നിൻ തേൻകനി തന്നിലൂടെ
ചിന്തിയരാഗത്തിൻ വേലിയേറ്റം;
കണ്ണൽമിഴി യെന്റെ ചിത്തവേദി-
തന്നിൽ പുളകം വളർത്തി മുറ്റം
നിന്നെയും പാർത്തു ഞാനിപ്പുഴയിൽ
സുന്ദരതീരത്തിൽ പാർത്തകാലം
ആനന്ദത്തുമധുതന്നിൽ മുങ്ങി,
ഗാനവുമാലപിച്ചങ്ങു വാണു
അന്നെന്റെ സൌഹൃദക്കുമ്പിനെ നിൻ
പൊന്നലരെത്ര വളർത്തി ചെമ്മേ

III

കാലം ചിറകു വിരിച്ചു വാനിൽ
ചേലിൽ ചിരിച്ചു പറന്നുപോയി
നാളിന്റെ നന്മനസ്സാകമാനം
ചീളെന്നക്കാലത്തോടൊത്തുപോയി.
കണ്മണി നിന്മനം ലോകസേവ
വെൺമുകിൽമണ്ഡലം തന്നിലെത്തി.
പുഞ്ചിരിച്ചന്ദ്രിക മാഞ്ഞു പിന്നെ-
ത്തേഞ്ചോരും ഗാനവും നിന്നു പോയി.
ദേഹത്തിൻ കാന്തി മറഞ്ഞെന്നാലും
സ്നേഹത്തിൻ കാന്തി കുറയില്ലെന്നും
ചിത്തം തെളിച്ചു നീ ചൊന്നവാക്യം
മുത്തേ! മറന്നുവോ പൊൽത്തിടമ്പേ!
നിൻ ചിത്ത കോപാഗ്നിയാളിക്കത്തി-
യെൻ ചിത്തഭൃംഗത്തിൽ പൊൽച്ചിറകിൽ

തീരാത്ത ദുഃഖാഗ്നിതന്നിൽപ്പെട്ടു
പാരം വലഞ്ഞു പൊരിഞ്ഞിടുന്നേൻ

## IV

എങ്ങു നീ പോകുന്നു കൺമണിയേ !
വിങ്ങുന്നൊരെന്നെ വെടിഞ്ഞു താനേ;
ആയുസ്സിലാനന്ദപ്പൂവനത്തിൽ
മേയുവാനെന്നും തരപ്പെടുമോ ?
ജീവിത യാത്രയിൽ തേൻകനികൾ
രാവും പകലും ലഭിച്ചിടുമോ ?
കുന്നൊന്നിന്നപ്പുറം വൻകുഴിയും
പിന്നെയും കുന്നും കുഴികളുമേ,
ഈ ലോകം തന്നിൽ തെളിഞ്ഞുനില്പൂ,
ചാലേ നിരപ്പാത്ത മാത്രമാമോ?
മോടികലർന്നുള്ള പല്ലവങ്ങൾ
വാടിയിലെന്നും താൻ കണ്ടിടുമോ ?
ആനന്ദം പാടിപ്പറന്നുനില്പൂ
ദീനത്തിൻ രോദനം കേൾപ്പതില്ലേ ?
ഉൺമയിലിന്നെന്റെ വാക്യസാരം
കൺമണി ! നീയൊന്നു ചിന്തിക്കില്ലേ ?

# 11. തിരുവാറൻമുള

## (ഒരൈതിഹ്യം)

### I

കേരളാംബയുടുക്കുന്ന പുടവ തൻ കസവുപോൽ
പാരം തെളിഞ്ഞൊഴുകീടും പമ്പയാററിന്റെ,
ഇടത്തു കരയിലായി പരിശോഭ വിളങ്ങുന്നാ-
രിടമത്രേ,— "തിരുവാറൻമുള" യെന്നു കേൾ.
പഞ്ച പാണ്ഡവന്മാരെല്ലാം തെക്കേ ദിക്കിൽ പാർത്തീടവേ-
യഞ്ചിത പശ്ചിമദേശം കണ്ടു രസിപ്പാൻ;
ഭീമാർജ്ജുനന്മാർക്കു മോഹമകതാരിലുദിക്കയാൽ
ആ മഹാദിവ്യന്മാർ രണ്ടും യാത്ര തിരിച്ചാർ
കുന്നും കുഴികളും പിന്നിട്ടവരെത്തി പമ്പയാററിൽ
കുന്നിക്കും രമ്യതയെഴും തീരത്തങ്ങുതാൻ
ക്ഷീണഗാത്രന്മാരായിരുന്നവരവിടൊട്ടുനേരം,
ക്ഷീണം തീർപ്പാൻ കായ് കനികളശിച്ചു ചെമ്മേ.
ആററിൻതീരെ മുളച്ചുയർന്നാകാശവേദിയുരുമ്മി—
ക്കാററിനെ ജയിച്ചു നിൽക്കും മുളങ്കാട്ടിന്നും
'ആറു മുള' വെട്ടിക്കെട്ടി ചങ്ങാടവും ചമച്ചിട്ടു,
കൂറൊടിരുവരും വീണ്ടും യാത്രയായിപോൽ
ചങ്ങാടത്തിലിരുന്നവർ തീരദേശ ദർശനത്താൽ
മങ്ങാതെ യാനവും ചെയ്തു സന്തുഷ്ടരായാർ.
ഇമ്മട്ടു യാത്ര തുടർന്നു, പിന്നിട്ടു ദേശം ദേശവും
മുൻമട്ടുള്ള ഗതി മാറി, പുഴ ശാന്തമായ്.

ഇടയ്ക്കിടെ പുളിനങ്ങൾ തെളിഞ്ഞു, പുഞ്ചിരി തൂകി-
ക്കിടക്കുന്ന സ്ഥലങ്ങളും പിന്നിട്ടു പോയവർ.
ഒരു സ്ഥലമണഞ്ഞവർ, പമ്പയുടെ വിരിമാറി-
ലൊരു മണൽപ്പുറപ്പുതിലിറങ്ങിയവർ.
നാലു ദിക്കും നോക്കി ദിവ്യർ രസിച്ചുകൊണ്ടൊട്ടുനേരം
കാലകാലനെ സ്തുതിച്ചു വസിച്ചവിടെ.
പമ്പയുടെയിടക്കരതന്നിലെ രമ്യത കണ്ടി-
ട്ടിമ്പമാർന്നദ്ദിവ്യന്മാരും കയറിയങ്ങ്.
വസിക്കുവാൻ നല്ലയിടം, രസിക്കുവാൻ കൊള്ളുന്നോടം
വസിപ്പനിവിടെന്നവർ മനസ്സിലോർത്താർ.
ചമച്ചവിടൊരു ക്ഷേത്രം, വസിച്ചു ദിവ്യന്മാരും താൻ
നമിക്കുവാൻ ജനതതി പെരുത്തുകൂടി.
"ആറുമുള" തന്നിൽ വന്നൊരീശന്മാരാലസ്ഥലത്തി-
'ന്നാറന്മുള'യെന്ന നാമം പാരിൽ മുഴങ്ങി.
വില്ലാളിയാമർജ്ജുനനെ പ്രതിഷ്ഠാമൂർത്തിയാക്കീട്ട-
ങ്ങെല്ലാവരും വന്ദിക്കുന്ന പുണ്യം നേടുവാൻ

## II

പൊന്നും ചിങ്ങമാസത്തിലെ തിരുവോണംമുതൽക്കുതാൻ
കുന്നിച്ചെഴും മോദമോടെ ഭഗവന്നാമം;
വഞ്ചികളിയെന്ന മഹൽ സംമ്മേളനത്തിങ്കലൂടെ
നെഞ്ചകം കുളിർത്തെല്ലാരും പുകഴ്ത്തീടുന്നു.
'തിരുവാറന്മുളെ' വാഴുമർജ്ജുനഭഗവാൻറടെ
തിരുജന്മദിനമാകുമുത്തൃട്ടാതിനാൾ;
'മാനസസരസ്സിൽ' ഹംസജാലം നീന്തിക്കളിക്കുമ്പോൽ
മാനമായിപ്പമ്പയാററിൽ വിരിഞ്ഞ മാർവ്വിൽ
പെരിയ ചുണ്ടൻവള്ളങ്ങളലങ്കരിച്ചതിലേറി-
യരിയ പാട്ടുകൾ പാടിയുൽഘോഷിക്കുന്നു.

നാനാജാതിമതസ്ഥരും വന്നു കണ്ടു തൃപ്തിപൂണ്ട-
ങ്ങനമെന്യേ രസിച്ചഹോ! പോകുന്നെപ്പോഴും.
മകരത്തിലത്തം മുതൽ തിരുവോണംവരെയ്ക്കഹോ!
പുകഴ്ത്തുന്നിതർജ്ജുനന്റെ പള്ളിവേട്ടയും
പത്തു ദിനം പല പല പരിപാടികളോടും താൻ
മെത്തുന്നോരുത്സവഘോഷം നടത്തീടുന്നു,
വിരാജിക്കു 'ആറന്മുള' നല്ലൊരൈതിഹ്യം മൂലമേ,
വിരാജിക്കട്ടെന്നുമെന്നും പാരിടം തന്നിൽ



# 12. യാത്രപറച്ചിൽ

(ഗാഥ)

നായകൻ :- സൗഭാഗ്യക്കുമ്പ! യെൻകണ്മണി! പോകട്ടെ -
യീ ഭാഗ്യഹീനനിന്നാധിയോടെ,
ആഹവവഹ്നി പടർന്നു പിടിച്ചിതാ-
യാഹ്വാനം വൈരി മുഴക്കിടുന്നു.
രാജ്യവും രാജാവുമില്ലെന്നു വന്നാകിൽ
പൂജ്യമാണീലോകവാസം ഭദ്രേ!
തമ്പുരാൻ കാരുണ്യവൻനദി തന്നിലാ-
ണെമ്പാട്ടും നാമെന്നും മുങ്ങിടുന്നു.
കാണാകും ദൈവമാണീരാജരത്നമെ-
ന്നേണാക്ഷി! പൂർവ്വന്മാർ ചൊന്ന വാക്യം.
നിത്യവും രക്ഷയാം തൈലം താൻ നൽകുന്ന
സത്യവാനുത്തമ രാജവീരൻ;
കല്പന ലംഘിയാതിപ്പോഴേ പോകട്ടെ-
ന്നല്ലലാക്ഷിമണി! കേണിടൊല്ലേ.
എൻതങ്കം നീയാണു, നീയൊഴിഞ്ഞാരുമെ-
ന്നാതങ്കം നീക്കുവാൻ ശക്തരാകാ.
എൻപ്രാവേ! കണ്മണി! നിന്നെയാണെപ്പോഴു-
മെൻപ്രേമ പാത്രമായ് കാണ്മതും ഞാൻ.

നായിക :- എന്താണുരപ്പതെൻ പ്രേമത്തിടമ്പേ! നീ-
യെന്താണു ചേർപ്പതെൻ ചിത്തതാരിൽ.
നിന്മൊഴിക്കൂരമ്പുകൊണ്ടിതായിപ്പൊഴീ-
യെന്മനക്കോരകം പട്ടുപോയി.

ആ മുഗ്ദ്ധപ്പുഞ്ചിരിപ്പൂനിലാവെന്നിനി-
യീമന്ദഭാഗ്യ ഞാൻ കാണ്മാനാവോ?
സൗഭാഗ്യക്കുളമ്പുകളൊക്കെയുമിന്നിതാ-
ദുർഭാഗ്യദേവത തച്ചുടച്ചു.
ആ മലർവാടിയിൽക്കൂടിയിരുന്നു നാം,
ആ മേഘനീലിമയെന്നു കാണും?
താരങ്ങളാകുന്ന ചോളപ്പൊരികൾ തൻ
വാരാറ കാന്തിയങ്ങെന്നു കാണും?
താർത്തേനെവെല്ലമൊത്തുമൊഴിജാലങ്ങ-
ളോർത്തു ഞാനെങ്ങനെ വാണിടും മേൽ.
എൻമേനിതന്നിലങ്ങോമൽ പുളകങ്ങൾ
കന്മഷം തീർത്തു വളർത്തിടുന്ന
പൊൽക്കരത്താരിൻറയാശ്ലേഷമാലകൾ
മൽഗ്ഗളം തന്നിലങ്ങെന്നു ചാർത്തും?
എൻപ്രാണനാഥാ! നീ പോകൊല്ലേ പോകൊല്ലേ
നിൻപ്രാണനെൻജീവനാണതോർക്ക.

നായകൻ :- കാമിനി! പ്രേമത്തിൻ ചന്ദ്രികേ! നീയെന്നെ-
ക്കാമദവാക്യത്താൽ ബന്ധിക്കൊല്ലേ.
ആരാണിക്കാണും പ്രപഞ്ചവസ്തുക്കളെ
നേരായ് ചമച്ചതാസ്സ്നേഹരൂപി;
നമ്മൾതൻ സൗഭാഗ്യമുത്തണിമാലകൾ
ചെമ്മേയിക്കണ്ണോദചയത്തിലാക്കും.
നിന്നനുരാഗത്തിൻ വേലിയേറ്റത്തിലീ-
യെന്നംഗക്കപ്പലങ്ങോടിടുന്നു,
അല്ലായ്കിലിന്നിവൻ നിശ്ചേഷ്ടചിത്തനായ്
തെല്ലുമേ കർത്തവ്യം ചെയ്‌വാനാകാ.

സോദരീ പ്രേമത്തിന്നോളങ്ങൾമേലെയി-
സോദരനാനന്ദക്കപ്പലേറി,

പോക്കളെവേളിക്ക യാത്ര തിരിക്കട്ടെ
പാർക്കുക മൽപ്രേമചൈതന്യമേ!

കർത്തവ്യമെന്നെ വിളിക്കുന്നു പോകട്ടെ
പാർത്തട്ടിന്നീശന്റെ യാജ്ഞമൂലം.

അത്തല്ലിലല്പനിമിഷങ്ങൾ മാത്രമാ-
ല്പുത്തൻ പ്രണയികൾ നോക്കിനിന്നു.

രണ്ടിററുവെൺമുകിൽ തുണ്ടുകൾ ഭൂമിയിൽ
കൊണ്ടൽവേണിമണി വീഴ്ത്തിയപ്പോൾ.



# 13. മരണത്തിന്റെ മടിയിൽ

ദുരിതത്തിൻ തീക്കനലൊന്നുമേയെൻ
പരിസരം തന്നിലണയുകില്ല.
തെരുതെരെ പൊങ്ങിടും രോദനമെൻ
കരളിൻ കവാടം തകർക്കയില്ല.
അശനവും തോയവും കിട്ടിടാഞ്ഞെ–
ന്നുയിരിന്നു നാശം ഭവിക്കയില്ല.
മരണത്തിൻ ശീതളത്തോപ്പണഞ്ഞാൽ
കരണീയമായെനിക്കൊന്നുമില്ല.
ഗുണദോഷചിന്തനം ചെയ്തതിന്റെ
മണിനാദം കേൾക്കേണ്ട കാര്യമില്ല.
അലതല്ലും ജീവിത വാരിധിയിൽ
വലയുവാൻ കാലം വരികയില്ല.
അവശത നാട്ടിൽ ചിറകടിച്ചാ–
ലവിടതിൻ ദോഷമണയുകില്ല.
മമതയും രോഷവുമപ്പുരത്തിൽ
സമരത്തിൻ കാഹളമൂതുകില്ല.
അതുമൂലമെൻ ചിത്തമപ്പുരിയിൽ
പതിയുവാൻ പക്ഷം വിതിർത്തിടുന്നു.

# 14. പണ്ടത്തെ അനുഭവം

അന്നത്തെ ജീവിതത്താളുകൾ ഞാൻ
പിന്നെയും പിന്നെയും വായിക്കയായ്,
ഇന്നുമെൻമാനസഭിത്തിതന്നി-
ലന്നത്തെ ചിത്രം തെളിഞ്ഞുകാണ്മൂ.

കൂരിരുൾച്ചാർത്തിനു തുല്യമായോ-
രാരംഭവേദിയിൽ സുപ്രകാശം;
പൂങ്കതിർവീശിത്തെളിഞ്ഞുവന്നെൻ
ശങ്കാവിഷമൊക്കെത്തീർത്തു വേഗം.

പല്ലവസഞ്ചയരാഗവായ്പിൽ
ഫുല്ലാരവിന്ദം നിരന്നുയർത്തി,
മന്ദതയെൻമുഖത്തേറിടുമ്പോൾ
സന്ദേഹം വേണ്ടെന്നരുളലായി.

ആകുലരാഗം ഞാൻ പാടിടുമ്പോൾ
ശോകത്തിൻതീക്കനലാറുകയായ്.
മാററാർതൻ തന്ത്രത്തിൽ പാശങ്ങളെ
മുററും മറുത്തിടാൻതക്ക മാർഗ്ഗം;

പൊൻനാവുയർത്തി നീ ചൊന്നതും ഞാ-
നിന്നേരത്തും ചിന്തിച്ചാശ്വസിപ്പൂ.
കണ്മണിതന്നുടെ കാന്തിപൂരം
ഉണ്മയിൽ ഞാനോർത്തു തൃപ്തനാവൂ.

ഓമൽപ്പുളകങ്ങൾ മേനിയിങ്ക-
ലാമോദിച്ചാർക്കുന്ന സന്ദർഭങ്ങൾ;

ദിവ്യതവായ്ക്കുന്നോരാരാമത്തിൻ
ഭവ്യതയെന്നിൽ വളർത്തിടുന്നു.

പുഞ്ചിരിതഞ്ചുന്ന പുണ്യപത്മ-
മഞ്ചിതസൌഭാഗ്യപ്പൂമ്പൊടികൾ,

എന്നെന്നുമെൻ ചിത്തവേദിതന്നിൽ
നന്നായ് സുഗന്ധം പരത്തിടുന്നു.

'അക്കാലമത്രേയെൻ ജീവിതത്തിൽ
പൊൽക്കുളമ്പുപൊട്ടിപ്പൊടിച്ച കാലം'.



# 15. സ്വാതന്ത്ര്യവേദിയിൽ

എത്രകാലമായ് നമ്മൾ സ്വാതന്ത്ര്യ
മിത്രനെക്കാണാൻ വെമ്പുന്നു.

*　　　*　　　*　　　*

എത്രകാലമായ് ഭാരതക്ഷേത്രം
ശത്രുമുക്തമായ്ത്തീരുവാൻ;

എത്രകാലമായ് 'ശൃംഖല ശക്തി'
സൂത്രമൊക്കെയും മാറ്റുവാൻ

എത്രകാലമായ് ഭാരതാദർശ-
മത്രയും നിലനിർത്തുവാൻ

എത്രകാലമായ് ജീവിതത്തോതി-
ന്നെത്രയും മേന്മ നൽകുവാൻ

എത്രകാലമായ് സർവ്വസ്വാതന്ത്ര്യ-
പത്രങ്ങൾ വീശിപ്പാറുവാൻ,

എത്രകാലമായ് പാരതന്ത്ര്യമ-
തെത്രയും നീങ്ങി ജീവിപ്പാൻ

"കാരിരുമ്പഴിക്കുള്ളിൽ നമ്മുടെ
വീരസോദരർ ജീവിച്ചാർ

പ്രാണനെത്തൃണമെന്നപോൽ ഗണി-
ച്ചാണത്വം പൂണ്ട വീരന്മാർ,

ലാത്തിമുൻപിലും തോക്കിൻമുൻപിലും
പേർത്തും ചാഞ്ചല്യമില്ലാതെ,

ജീവനും ത്യാഗംചെയ്ത നമ്മൾക്കായ്–
പ്പാവന ഭാരതാത്മജർ

ഇന്നിതാ നമ്മിൽ വന്നു ചേർന്നുതേ
മന്നിന്റെ പൂർണ്ണസ്വാതന്ത്ര്യം.”

എത്രകാലമായ് നമ്മൾ സ്വാതന്ത്ര്യ–
മിത്രനെക്കാണ്മാൻ വെമ്പുന്നു.

ആനന്ദത്തിന്റെ വേലിയേറ്റത്തിൽ
മാനസം മഗ്നമാകയാൽ,

സ്നേഹപാതയിൽ നിന്നുമേ മാറി–
യംഹവബ്ഭ്രാന്തരായല്ലോ !

മത്സരചിത്തം പൂണ്ടു നമ്മളും
കുത്സിതവൃത്തരായല്ലോ !

ജാതിവൈരത്തിന്നങ്കുരം പല
പാതകങ്ങൾ വളർത്തി ഹാ !

ചേലിൽ നാം നിലനിന്നിടാതതി–
കാലുഷ്യചിത്തരായല്ലോ!

ഐക്യരഹിതത്വതല്പരരായി–
ക്കൈത്തണ്ടിൻ ശക്തികാണിപ്പൂ.

സ്വാതന്ത്ര്യത്തിന്റെ പൊൻപുലരിയിൽ
പാതകത്തിന്റെ നാടകം,

ആടുവാൻ തക്ക ചിത്തമാണല്ലോ
നേടുവാൻ നമുക്കൊത്തതും !

എന്തുകഷ്ടമിപ്പാവനഭൂവിൽ
സന്തതം കൊലപാതകം,

കാട്ടുവാൻ വെമ്പിമാനവരെല്ലാം
നീട്ടുന്നു കരം കഷ്ടമേ!

ആത്മനാശങ്ങൾ പാർത്തലംതന്നിൽ
പേർത്തും കേൾക്കുന്നു കഷ്ടമേ!

ഈവിധമൊക്കെ നമ്മൾലോകത്തിൽ
ജീവിതംപോക്കാൻ നോക്കുകിൽ,

നാശഗർത്തത്തിലാണ്ടുപോം നമ്മൾ-
ക്കീശകോപവും തട്ടിടും

* * * *

എത്രകാലമായ് നമ്മൾ സ്വാതന്ത്ര്യ-
മിത്രനെക്കാണ്മാൻ വെമ്പുന്നു.



AD 17-5-76

ADY'S AGENCIES

# ആദ്യത്തെ പൂക്കൾ

വിദ്വാൻ: ടി. കെ. മത്തായി

1965